2024
JULY
29
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## കള്ളപ്പണം വെളുപ്പിക്കൽ കേസ്: ചെട്ടിനാട് ഗ്രൂപ്പിന്റെ 298 കോടിയുടെ സ്വത്ത് കണ്ടുകെട്ടി ഇ.ഡി

**ചെന്നൈ:** തമിഴ്നാട് സർക്കാരിന്റെ വൈദ്യുത വിതരണ കമ്പനിയായ ടാംഗഡ്കോയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ചെട്ടിനാട് ഗ്രൂപ്പിന്റെ സ്വത്ത് കണ്ടുകെട്ടി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി). ചെന്നൈ യൂണിറ്റാണ് ചെട്ടിനാട് ഗ്രൂപ്പിന്റെ സൗത്ത് ഇന്ത്യൻ കോർപറേഷൻ ലിമിറ്റഡ് (എസ്ഐസിപിഎൽ) സ്ഥാപനം റെയ്ഡ് നടത്തി 298 കോടി രൂപയുടെ സ്വത്തുക്കൾ കണ്ടുകെട്ടിയത്.

2023 മാർച്ചിൽ സംസ്ഥാന വിജിലൻസ് വിഭാഗമാണ് (ഡിവിഎസി) കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ചെട്ടിനാട് ഗ്രൂപ്പിനെതിരെ ആദ്യം എഫ്ഐആർ രജിസ്റ്റർ ചെയ്തത്. വൈകാതെ കേസന്വേഷണം ഇ.ഡി ഏറ്റെടുത്തു. എസ്ഐസിപിഎല്ലുമായി നടന്ന കൽക്കരി ഇടപാടിൽ സർക്കാർ സ്ഥാപനമായ ടാംഗഡ്കോയ്ക്ക് 908 കോടി നഷ്ടം സംഭവിച്ചുവെന്നാണ് കേസ്. ടാംഗഡ്കോയിലെ മുൻ ഉദ്യോഗസ്ഥരും കേസിൽ പ്രതികളാണ്.

2023 ഏപ്രിലിൽ കേസുമായി ബന്ധപ്പെട്ട് നടത്തിയ റെയ്ഡിൽ കമ്പനിയുമായി ബന്ധപ്പെട്ട 358.2 കോടി രൂപയുടെ സ്ഥിര നിക്ഷേപം ഇ.ഡി കണ്ടുകെട്ടിയിരുന്നു. ചെട്ടിനാട് ഗ്രൂപ്പിന്റെ ഓഫിസുകൾക്ക് പുറമെ ടാംഗഡ്കോയുടെ കൽക്കരി വിഭാഗം മുൻ ഡയറക്ടർ, ചില സർക്കാർ ഉദ്യോഗസ്ഥർ എന്നിവരുടെ വീടുകളടക്കം 10 സ്ഥലങ്ങളിലാണ് ഇ.ഡി അന്ന് പരിശോധിച്ചത്.

## റഷ്യയിൽ യുക്രെയിനുമായുള്ള യുദ്ധത്തിൽ ഇന്ത്യക്കാരൻ കൊല്ലപ്പെട്ടു

**മോസ്കോ:** റഷ്യയിൽ യുക്രെയിനെതിരെ മുൻനിരയിൽ യുദ്ധം ചെയ്യുകയായിരുന്ന 22കാരനായ ഇന്ത്യക്കാരൻ കൊല്ലപ്പെട്ടു. ഹരിയാന സ്വദേശിയായ രവി മൗൻ ആണ് മരിച്ചത്. മോസ്കോയിലെ ഇന്ത്യൻ എംബസി രവിയുടെ കുടുംബത്തോട് മരണവിവരം അറിയിച്ചു.

എന്നാൽ എന്ത് സാഹചര്യത്തിലാണ് രവി മൗൻ കൊല്ലപ്പെട്ടതെന്ന് വ്യക്തമായിട്ടില്ല. കഴിഞ്ഞ അഞ്ച് മാസങ്ങളായി ഇയാളെക്കുറിച്ച് കുടുംബാംഗങ്ങൾക്ക് യാതൊരു വിവരവുമുണ്ടായിരുന്നില്ല.22കാരനായ രവിയെ യുക്രെയിനെതിരെ നിർബന്ധിച്ച് യുദ്ധത്തിൽ പങ്കെടുപ്പിച്ചതാണെന്ന് കുടുംബാംഗങ്ങൾ ആരോപിച്ചു. ഹരിയാനയിലെ കൈഥൽ ജില്ലയിലെ മട്ടൗർ ഗ്രാമവാസിയാണ് രവി മൗൻ. മാർച്ച് 12നാണ് കുടുംബവുമായി ഒടുവിൽ ബന്ധപ്പെട്ടത്. റഷ്യയിൽ ഒരു ഡ്രൈവറുടെ ജോലി വാങ്ങിത്തരാം എന്ന ഉറപ്പിലാണ് ഏജന്റ് രവിയെ കൊണ്ടുപോയതെന്ന് കുടുംബാംഗങ്ങൾ ആരോപിക്കുന്നുണ്ട്.'റഷ്യയിൽ ഡ്രൈവറായി ജോലി ലഭിക്കുമെന്ന് ഏജന്റ് ഉറപ്പ് നൽകി. എന്നാൽ റഷ്യയുക്രെയിൻ യുദ്ധത്തിൽ പങ്കെടുക്കുന്നതിന് രവിയെ നിർബന്ധിച്ചു. മാർച്ച് 12നാണ് രവിയുമായി ഞങ്ങൾ അവസാനമായി സംസാരിച്ചത്.' രവി മൗന്റെ സഹോദരൻ അജയ് പറഞ്ഞു.യുദ്ധത്തിൽ പങ്കെടുക്കുന്ന വിവരം മാർച്ച് ആറിന് രവി കുടുംബത്തിനെ അറിയിച്ചു. തോക്കുമായി നിൽക്കുന്ന പട്ടാള യൂണിഫോമിലെ ചിത്രങ്ങളും ലഭിച്ചു. ഇതോടെ കുടുംബം വിദേശകാര്യ മന്ത്രാലയത്തെ സമീപിച്ചു.

## ഒളിംപിക്സിൽ; ഷൂട്ടിങ്ങിൽ വെങ്കലം നേടി മനുഭാക്കർ

**പാരിസ്:** ഒളിംപിക്സിൽ ആദ്യ മെഡൽ സ്വന്തമാക്കി ഇന്ത്യ. വനിതകളുടെ10മീറ്റർ എയർ പിസ്റ്റൾ ഷൂട്ടിങ്ങിൽ മനു ഭാക്കറാണ് ഇന്ത്യയ്ക്കു വേണ്ടി വെങ്കലം സ്വന്തമാക്കിയത്. ഷൂട്ടിങ്ങിൽ ഒളിംപിക് മെഡൽ നേടുന്ന ആദ്യ ഇന്ത്യക്കാരിയാണ് മനു. 12 വർഷം നീണ്ട കാത്തിരിപ്പിനൊടുവിലാണ് ഇന്ത്യ മെഡൽ നേടുന്നത്. 22 കാരിയായ മനു 221.7 സ്കോറോടു കൂടിയാണ് വെങ്കലം സ്വന്തമാക്കിയത്. കൊറിയയുടെജിൻ യെ ഓ സ്വർണവും കിം യെജിക്ക് വെള്ളിയും നേടി.

തുടക്കം മുതലേ മികച്ച പ്രകടനം കാഴ്ച വച്ചിരുന്ന മനു 14 റൗണ്ടുകൾ കഴിഞ്ഞപ്പോഴേ മൂന്നാം സ്ഥാനത്തെത്തിയിരുന്നു. 2012 ലെ ലണ്ടൻ ഒളിംപിക്സിലാണ് ഇതിനു മുൻപ് ഇന്ത്യ മെഡൽ നേടിയിട്ടുള്ളത്. അന്ന് റാപിഡ് ഫയർ പിസ്റ്റൾ ഷൂട്ടിങ്ങിൽ വിജയ് കുമാറും 10മീറ്റർ എയർ റൈഫിളിൽ ഗഗൻ നാരങ്ങും‌മാണ് വെങ്കടം സ്വന്തമാക്കിയത്.



# കേരളത്തിൽ ആണവനിലയം

## കെഎസ്ഇബിയും ഊർജവകുപ്പും ശ്രമം തുടങ്ങി

## ലക്ഷ്യം 440 മെഗാവാട്ട് വൈദ്യുതി

**തിരുവനന്തപുരം:** കേരളത്തിലെ ആദ്യ ആണവ വൈദ്യുതനിലയം സ്ഥാപിക്കാൻ കെഎസ്ഇബിയും ഊർജവകുപ്പും ശ്രമം തുടങ്ങി. ന്യൂക്ലിയർ പവർ കോർപറേഷനുമായി കെഎസ്ഇബി ചെയർമാനും സംഘവും കഴിഞ്ഞ 15നു മുംബൈയിൽ ആദ്യഘട്ട ചർച്ചകൾ നടത്തി. തുടർ ചർച്ചകൾക്കായി ന്യൂക്ലിയർ പവർ കോർപറേഷനു കീഴിലുള്ളതും കൽപാക്കം ആണവ പദ്ധതി നടപ്പാക്കുന്നതുമായ ഭാരതീയ നാഭികീയ വിദ്യുത് നിഗം ലിമിറ്റഡിന്റെ (ഭാവിനി) ചെയർമാനുമായി സംസ്ഥാന ഊർജവകുപ്പിന്റെ ചുമതലയുള്ള അഡീഷനൽ ചീഫ് സെക്രട്ടറി നാളെ വിഡിയോ കോൺഫറൻസ് നടത്തും.

220 മെഗാവാട്ടിന്റെ 2 പദ്ധതികളിലായി 440 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുകയാണു ലക്ഷ്യം. രണ്ടു പദ്ധതിയും ഒരിടത്തു സ്ഥാപിക്കാം. അതിരപ്പിള്ളി, ചീമേനി ഉൾപ്പെടെയുള്ള സ്ഥലങ്ങളാണ് കെഎസ്ഇബിയുടെ പരിഗണനയിലുള്ളതെന്നു ചെയർമാൻ ബിജു പ്രഭാകർ പറഞ്ഞു. 7000 കോടി രൂപയാണു ചെലവു കണക്കാക്കുന്നത്. പദ്ധതിയുടെ 60% തുക കേന്ദ്ര ഗ്രാന്റായി നൽകണമെന്ന ആവശ്യം ചർച്ചയിൽ കെഎസ്ഇബി മുന്നോട്ടുവച്ചു. ബിജു പ്രഭാകറും 2 ഡയറക്ടർമാരുമാണു മുംബൈയിൽ ആദ്യഘട്ട ചർച്ച നടത്തിയത്. ആണവ നിലയത്തിനെതിരെ സമരം നടത്തിയവരാണ് ഇപ്പോൾ കേരളത്തിൽ സ്ഥാപിക്കാനൊരുങ്ങുന്നത്

സംസ്ഥാനത്തിനു കുറഞ്ഞ വിലയ്ക്ക് 450 മെഗാവാട്ട് വൈദ്യുതി കൂടംകുളത്തുനിന്നോ രാജസ്ഥാനിലെ ആണവ വൈദ്യുതപദ്ധതിയിൽ നിന്നോ ഉടൻ ലഭിക്കുന്നതിന്റെ സാധ്യത ന്യൂക്ലിയർ കോർപറേഷനുമായി ചർച്ച ചെയ്തിരുന്നു. ടെൻഡറിലൂടെ മാത്രമേ ഇവിടെനിന്നു വൈദ്യുതി ലഭിക്കൂ. എന്നാൽ, ആണവ വൈദ്യുതപദ്ധതി തുടങ്ങുന്ന സംസ്ഥാനത്തിന് ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ പകുതി ലഭിക്കും. ഇക്കാര്യം പരിഗണിച്ചാണു കേരളവും ആണവ വൈദ്യുതനിലയം എന്ന ആശയത്തിലേക്ക് എത്തിയത് .

കേരളം നേരിടാൻ പോകുന്ന വലിയ ഊർജ പ്രതിസന്ധിക്ക് അൽപമെങ്കിലും പരിഹാരം കാണാനാണു ശ്രമം. നിലവിൽ 13,000 കോടി രൂപയുടെ വൈദ്യുതിയാണു വർഷം തോറും കേരളം വാങ്ങുന്നത്. 2030ൽ ഇത് 25,000 കോടി കവിയും. ജലവൈദ്യുതി പദ്ധതി തുടങ്ങാൻ പരിസ്ഥിതി പ്രശ്നങ്ങളും കാലതാമസവുമുണ്ട്. സോളർ പദ്ധതിയിൽ പകൽ മാത്രമേ വൈദ്യുതി ലഭിക്കൂ.

## ഇന്ത്യയിൽ ഐഫോണിന് വില കുറച്ച് ആപ്പിൾ

**ന്യൂദൽഹി:** ഇന്ത്യയിൽ ഐഫോൺ 15 പ്രോയുടെ വില കുറച്ച് ആപ്പിൾ. സെപ്റ്റംബറിൽ പുതിയ മോഡലുകൾ ഇറങ്ങാനിരിക്കേയാണ് വിലയിൽ മാറ്റം വരുത്തിയിരിക്കുന്നത്. ഐഫോൺ 16 പുറത്തിറങ്ങും മുൻപ് ഐഫോൺ 15ന് പരമാവധി പ്രചാരം നൽകുക എന്ന ലക്ഷ്യമായിരിക്കും വിലയിൽ മാറ്റം വരുത്താൻ ആപ്പിളിനെ പ്രേരിപ്പിച്ചതെന്നും നിരീക്ഷകർ പറയുന്നു. ഐഫോൺ 15 പ്രോയ്ക്ക് 6700 രൂപയും പ്രോ മാക്സിന് 8200 രൂപയുമാണ് കുറയുന്നത്.

നിലവിൽ 1,34,900 രൂപ വിലയുള്ള ഐഫോൺ 15 പ്രോ ഇനി മുതൽ 1,28,200 രൂപയ്ക്ക് ലഭിക്കും. 1,59,900 രൂപയുടെ ഐഫോൺ പ്രോ മാക്സ് 1,51,700 രൂപയ്ക്കാണ് ലഭ്യമാകുക.

ഇതിനു പുറമേ ഐഫോൺ 15 പ്ലസ് മോഡലുകളുടെ വില 300 രൂപ വീതം കുറച്ചിട്ടുണ്ട്. 79,900 രൂപ വിലയുണ്ടായിരുന്ന ഐഫോൺ 15ൻറെ വില 70,600 രൂപയും 89,900 രൂപയ്ക്ക് ലഭിച്ചിരുന്ന 15 പ്ലസ് 89,600 രൂപയ്ക്കും ലഭിക്കും. ഐഫോൺ 134ൻറെ വില 7810 രൂപ കുറഞ്ഞ് 52090 രൂപയും ഐഫോൺ 14ൻറെ വില 61790 ആയും കുറഞ്ഞിട്ടുണ്ട്.



അഡ്മിഷൻ തുടരുന്നു...




Integrated MBA MCA (5 years)
Qualification: Plus Two

OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation

KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY




## ഏഷ്യയിലെ ആദ്യത്തെ ലോ കാർബൺ ഗ്രീൻ സിങ്ക് എക്കോസെൻ അവതരിപ്പിച്ച് ഹിന്ദുസ്ഥാൻ സിങ്ക്

**കൊച്ചി:** ഹിന്ദുസ്താൻ സിങ്ക് ലിമിറ്റഡ് ലോ കാർബൺ ഗ്രീൻ സിങ്ക് ബ്രാൻറായ എക്കോസെൻ അവതരിപ്പിച്ചു. എസ്&പി ഗ്ലോബൽ സിഎസ്എ പ്രകാരം ലോകത്തിലെ ഏറ്റവും സുസ്ഥിര ലോഹ ഖനന കമ്പനിയായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കമ്പനിയാണ് ഹിന്ദുസ്ഥാൻ സിങ്ക് ലിമിറ്റഡ്. ലൈഫ് സൈക്കിൾ അസസ്മെൻറിന് (എൽസിഎ) ശേഷം ആഗോള സുസ്ഥിരതാ കൺസൾട്ടിംഗ് സ്ഥാപനത്തിൽ നിന്ന് ലോകാർബൺ സിങ്ക് എന്ന സർട്ടിഫിക്കേഷനും എക്കോസെനിന് ലഭിച്ചു. പുനരുപയോഗ ഊർജം ഉപയോഗിച്ചു നിർമിക്കുന്ന എക്കോസെന്നിൻറെ കാർബൺ ഫൂട്ട്പ്രിൻറ് ആഗോള ശരാശരിയേക്കാൾ 75% താഴെയും ഓരോ ടൺ സിങ്കിനും 1 ടൺ കാർബണിന് തുല്യവുമാണ്. നിലവിൽ ലഭ്യമായ ഏറ്റവും സുസ്ഥിരമായ സിങ്ക് ഓപ്ഷനുകളിലൊന്നാണ് എക്കോസെൻ.

ഹിന്ദുസ്ഥാൻ സിങ്കിന്റെ പരിസ്ഥിതി സൗഹൃദ സിങ്ക് ഉൽപ്പന്നമായ എക്കോസെന്നും മറ്റു സിങ്ക് ഉൽപ്പന്നങ്ങളും സ്റ്റീൽ തുരുമ്പു പിടിക്കാതിരിക്കുവാനുള്ള ഗാൽവനൈസേഷനിലാണ് പ്രധാനമായും ഉപയോഗിക്കുന്നത്. എക്കോസെൻ ഉപയോഗിച്ച് ഒരു ടൺ സ്റ്റീൽ ഗാൽവനൈസ് ചെയ്യുമ്പോൾ ഈ ഉൽപ്പന്നം കാർബൺ പുറത്തുവിടുന്നത് ഏകദേശം 400 കിലോഗ്രാം കുറയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു

## കോട്ടക് ആക്ടീവ് മണി; പ്രചരണത്തിന് രൺവീർ സിംഗ്

**കൊച്ചി:** കോട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ് ബോളിവുഡ് സൂപ്പർ സ്റ്റാർ രൺവീർ സിംഗിനെ അവതരിപ്പിച്ച് രാജ്യവ്യാപകമായി 'സാലറി കോ ജഗാവോ' എന്ന മൾട്ടിമീഡിയ പ്രചരണം ആരംഭിച്ചു. ടെലിവിഷൻ പരസ്യങ്ങൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, ഔട്ട്ഡോർ പ്രദർശനങ്ങൾ, സോഷ്യൽ മീഡിയ ചാനലുകൾ തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വഴിയാണ് പ്രധാനമായും ക്യാമ്പെയ്ൻ നടക്കുന്നത്. പ്രൊഫഷണലുകളെ ലക്ഷ്യമാക്കിയാണ് ഇത്തരത്തിൽ പ്രചരണം സംഘടിപ്പിച്ചിരിക്കുന്നത്.

## റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബൽ: ഡോ. സുജിത് ജോസ് പ്രസിഡന്റ്, രൂപക് ഫ്രാൻസിസ് പാറയ്ക്കൽ സെക്രട്ടറി



ഡോ. സുജിത് ജോസ്, രൂപക് ഫ്രാൻസിസ് പാറയ്ക്കൽ

**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഗ്ലോബലിന്റെ പുതിയ പ്രസിഡന്റായി ഡോ. സുജിത് ജോസും സെക്രട്ടറിയായി രൂപക് ഫ്രാൻസിസ് പാറയ്ക്കലും സ്ഥാനമേറ്റു.കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ഓർത്തോപീഡിക്സ് വിഭാഗം തലവനാണ് ഡോ. സുജിത് ജോസ്. തൃത്വം ലോജിസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ എംഡിയാണ് രൂപക് ഫ്രാൻസിസ് പാറയ്ക്കൽ.




## ഇംഗ്ലീഷ് പ്രീമിയർ ലീഗ് നെക്സ്റ്റ് ജൻ കപ്പ്: ആവേശത്തിൽ മുത്തൂറ്റ് പാപ്പച്ചൻ ഫുട്ബോൾ അക്കാദമി

**കൊച്ചി:** ഓഗസ്റ്റ് 1 മുതൽ 4 വരെ നടക്കുന്ന ടൂർണമെന്റിൽ ഇംഗ്ലണ്ട്, ഇന്ത്യ, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിൽ നിന്നുള്ള ടീമുകൾ മത്സരിക്കും. ആസ്റ്റൺ വില്ല, ക്രിസ്റ്റൽ പാലസ്, എവർട്ടൺ, ടോട്ടൻഹാം ഹോട്സ്പർ തുടങ്ങിയ മുൻനിര അക്കാദമി ടീമുകൾ മാറ്റുരയ്ക്കുന്ന പരമ്പരയിൽ പങ്കെടുക്കുക വഴി മുത്തൂറ്റ് പാപ്പച്ചൻ ഫുട്ബോൾ അക്കാദമിയുടെ യുവതാരങ്ങൾക്ക് അന്താരാഷ്ട്ര പ്രതിഭകളുടെ വൈദഗ്ധ്യവും വൈവിധ്യമാർന്ന കോച്ചിംഗ് ശൈലികളും നേരിട്ടനുഭവിക്കാനുള്ള അവസരം ലഭിക്കുമെന്ന് ഹെഡ് കോച്ച് മുഹമ്മദ് അനസിൽ പറഞ്ഞു പറഞ്ഞു.കായികമേഖലയെ പൊതുവിലും ഫുട്ബോളിനെ വിശേഷിച്ചും വിട്ടുവീഴ്ചകളില്ലാതെ പ്രോത്സാഹിപ്പിക്കാനുള്ള പ്രതിബദ്ധതയോടെയാണ് മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് (മുത്തൂറ്റ് ബ്ലൂ) ഫുട്ബോൾ അക്കാദമിക്ക് തുടക്കമിട്ടതെന്ന് മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ഡയറക്ടർ തോമസ് മുത്തൂറ്റ് പറഞ്ഞു. കളിക്കാർക്ക് അവരുടെ കഴിവ് സ്വതന്ത്രമായി പ്രകടിപ്പിക്കാനും ഫുട്ബോളറെന്ന നിലയിലും വ്യക്തിയെന്ന നിലയിലും വികസിക്കാനുമുള്ള അവസരങ്ങളൊരുക്കാൻ ലക്ഷ്യമിട്ട് സ്ഥാപിച്ച അക്കാദമി കളിയുടെ സാങ്കേതിക വശങ്ങളിലെ മികവിനൊപ്പം പരസ്പര ബഹുമാനവും മികച്ച ആശയ വിനിമയശേഷിയുമുള്ള കളിക്കാരെ വാർത്തെടുക്കുകയെന്ന ഊന്നലോടെയാണ് പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. തങ്ങളുടെ കുട്ടികൾ നെക്സ്റ്റ് ജെൻ കപ്പ് 2024 ന്റെ അഞ്ചാം പതിപ്പിൽ രാജ്യത്തെ പ്രതിനിധീകരിക്കുന്നുവെന്നത് അഭിമാനകരമാണെന്ന് മുത്തൂറ്റ് പാപ്പച്ചൻ സ്പോർട്സ് ഡയറക്ടർ ഹന്ന മുത്തൂറ്റ് പറഞ്ഞു.മുൻനിര പ്രീമിയർ ലീഗ് ജൂനിയർ ടീമുകൾക്കെതിരെ കളിക്കുന്നത് അവർക്ക് കൂടുതൽ പഠിക്കാനും മികവ് പുലർത്താനുമുള്ള അവസരമാണ്. അന്താരാഷ്ട്ര രംഗത്തേക്കുള്ള അരങ്ങേറ്റത്തിൽ ഞങ്ങളുടെ 'നീലപ്പട' മൈതാനം കീഴടക്കുന്നത് കാണാൻ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണെന്നും ഹന്ന മുത്തൂറ്റ് പറഞ്ഞു. ചലച്ചിത്ര താരം ഫഹദ് ഫാസിൽ ടീം ജേഴ്സി പുറത്തിറക്കി




## കുട്ടികളിലെ ന്യൂറോ അസുഖം: അമൃതയിൽ പ്രത്യേക ബ്രെയിൻ സെന്റർ

**കൊച്ചി:** കുട്ടികളിലെ ന്യൂറോ സംബന്ധമായ അസുഖങ്ങളുടെ ചികിത്സയ്ക്കായി പ്രത്യേക ബ്രെയിൻ സെന്റർ ' അമൃത ബ്രെയിൻ സെന്റർ ഫോർ ചിൽഡ്രൻ ' അമൃത ആശുപത്രിയിൽ പ്രവർത്തനമാരംഭിച്ചു. രാജ്യസഭാ എം പി അഡ്വ. ജെബി മേത്തർ സെന്ററിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.കുട്ടികളിൽ വൈറസ് രോഗങ്ങൾ കൂടുതലായി കണ്ടുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ കുട്ടികൾക്കായുള്ള പ്രത്യേക ചികിത്സാ സെന്ററുകൾക്ക് വളരെയധികം പ്രാധാന്യമുണ്ടെന്ന് ജെബി മേത്തർ പറഞ്ഞു. സിനിമാതാരം സിജു വിൽസൺ ചടങ്ങിൽ മുഖ്യാതിഥിയായി. സെന്ററിന്റെ ലോഗോ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ, അമൃത സ്കൂൾ ഓഫ് മെഡിസിൻ വൈസ് പ്രിൻസിപ്പൽ ഡോ. എ ആനന്ദ് കുമാർ, പീഡിയാട്രിക് ന്യൂറോളജി വിഭാഗം മേധാവി ഡോ. കെ പി വിനയൻ, ഡോ. സുഹാസ് ഉദയകുമാരൻ, ഡോ. അശോക് പിള്ള, ഡോ. വൈശാഖ് ആനന്ദ്, എസ്. എ. രേഷ്മ എന്നിവർ ചടങ്ങിൽ സംസാരിച്ചു. സെന്ററിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് അമൃതയിലെ ചികിത്സയിലൂടെ രോഗമുക്തി നേടിയ കുട്ടികളുടെയും രക്ഷിതാക്കളുടെയും സംഗമവും സംഘടിപ്പിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾ ചടങ്ങിൽ പങ്കെടുത്തു. പീഡിയാട്രിക് ന്യൂറോളജി, പീഡിയാട്രിക് ന്യൂറോ സർജറി, ചൈൽഡ് സൈക്യാട്രി, നിയോനെറ്റൽ ന്യൂറോളജി, ചൈൽഡ് ഡെവലപ്മെന്റ് സെന്റർ തുടങ്ങിയ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ സേവനം പുതിയ ബ്രെയിൻ സെന്ററിൽ ലഭ്യമായിരിക്കും. കുട്ടികളിൽ കാണപ്പെടുന്ന ന്യൂറോ സംബന്ധമായ വൈകല്യങ്ങളായ അപസ്മാരം, സ്ട്രോക്, സ്ലീപ് ഡിസോർഡേഴ്സ്, ന്യൂറോമസ്കുലർ ഡിസോർഡേഴ്സ്, ബിഹേവിയറൽ ഡിസോഡേഴ്സ്, പഠനവൈകല്യങ്ങൾ എന്നിവയ്ക്കുള്ള വിഗദ്ധ ചികിത്സ ഇവിടെ ലഭ്യമാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കുട്ടികളിലെ കരൾ രോഗങ്ങൾ: ബോധവത്കരണ പരിപാടി സംഘടിപ്പിച്ച് ഐ.എൻ.എ.എസ്.എൽ

**കൊച്ചി:** ഫാറ്റി ലിവർ ഉൾപ്പെടെയുള്ള കരൾ രോഗങ്ങൾ കുട്ടികളിലും വർധിച്ചു വരുന്ന സാഹചര്യത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രത്യേക ബോധവത്കരണ പരിപാടിയുമായി നാഷണൽ അസോസിയേഷൻ ഫോർ ദി സ്റ്റഡി ഓഫ് ദി ലിവർ. ജീവിതശൈലിയിലെ മാറ്റങ്ങൾ കാരണം മദ്യപിക്കാത്ത വ്യക്തികളിൽപ്പോലുംകണ്ടുവരുന്ന കരൾവീക്കം കുട്ടികളിലും ഇപ്പോൾ കൂടുതൽ കാണുന്നുണ്ട്. ഈ സാഹചര്യത്തിലാണ് ആസ്റ്റർ മെഡ്സിറ്റിയുമായി സഹകരിച്ച് സ്കൂളുകളിൽ സമഗ്രമായ ക്ലാസുകൾക്ക് തുടക്കമിട്ടത്.

വരുംദിവസങ്ങളിൽ കൊച്ചിയിലെ വിവിധ സ്കൂളുകളിലും ക്ലാസുകൾ നയിക്കും.പദ്ധതിയുടെ ഭാഗമായി ആലുവയിലെ മുപ്പത്തടയിലുള്ള സെന്റ്. ജോൺസ് വിസിറ്റേഷൻ പബ്ലിക് സ്കൂളിലാണ് ആദ്യത്തെ ബോധവത്കരണ ക്ലാസ് നടത്തിയത്. 'ശരീരത്തെയും മനസ്സിനെയും പോഷിപ്പിക്കാം' എന്നതായിരുന്നു വിഷയം. 400ഓളം അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ക്ലാസിൽ പങ്കെടുത്തു.ഓഗസ്റ്റ് 7 മുതൽ 10 വരെ കൊച്ചി ലെ മെരിഡിയനിൽ നടക്കുന്ന ഐ. എൻ. എ. എസ്. എല്ലിന്റെ മുപ്പത്തിരണ്ടാമത് വാർഷിക ശാസ്ത്രസമ്മേളനത്തിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. കുട്ടികളിൽ ആരോഗ്യകരമായ ജീവിതരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശാസ്ത്രീയ സമീപനമാണ് ക്ലാസിൽ ചർച്ചയായത്. കുട്ടികളിലെ അമിതവണ്ണം എങ്ങനെ പരിഹരിക്കാം, സ്ക്രീനുകൾക്ക് മുന്നിൽ ചെലവഴിക്കുന്ന സമയം എങ്ങനെ കുറയ്ക്കാം, ആരോഗ്യകരവും അനാരോഗ്യകരവുമായ ഭക്ഷണശീലങ്ങൾ എന്തൊക്കെയാണ്, വ്യായാമത്തിന്റെ പ്രയോജനങ്ങൾ എന്നിവയെക്കുറിച്ചാണ് വിദഗ്ധർ സംസാരിച്ചത്. കരൾരോഗങ്ങൾ എങ്ങനെ വരാതെനോക്കാമെന്ന് വളരെ ലളിതമായി ഡോക്ടർമാർ അവതരിപ്പിച്ചു.പരിസ്ഥിതി ദിനാചാരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ഡ്രോയിംഗ് മൽസരത്തിലും പ്രസംഗ മത്സരത്തിനും വിജയികളായവർക്ക് പരിപാടിയിൽവച്ച് ആസ്റ്റർ മെഡ്സിറ്റിയിലെ സീനിയർ കൺസൾട്ടന്റ് മെഡിക്കൽ ഗ്യാസ്ട്രോഎന്ററോളജിസ്റ്റ് ഡോ. ജി എൻ രമേശ് ഉപഹാരം നൽകി.

# കേന്ദ്രബജറ്റ്; പുരോഗതിയ്ക്കായുള്ള അവസരങ്ങൾ ഉപയോഗപ്പെടുത്തണം ഇൻഫോപാർക്ക് സെമിനാറിൽ വിദഗ്ധർ

**കൊച്ചി:** കേന്ദ്രബജറ്റിൽ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുള്ള അവസരങ്ങൾ പൂർണമായി ഉപയോഗപ്പെടുത്തണമെന്ന് ഇൻഫോപാർക്ക് സംഘടിപ്പിച്ച ഓൺലൈൻ വിശകലനത്തിൽ വിദഗ്ധർ അഭിപ്രായപ്പെട്ടു. അഭ്യസ്തവിദ്യർക്കും, ടെക്നോളജി കമ്പനികൾക്കും, കോർപറേറ്റുകൾക്കും മികച്ച അവസരങ്ങളാണ് ബജറ്റ് നിർദ്ദേശമെന്നും അഭിപ്രായമുയർന്നു.

സ്റ്റൈപൻറോടു കൂടിയുള്ള ഇൻറേൺഷിപ്പ്, സ്റ്റൈപൻറ് നൽകുന്നതിന് സിഎസ്ആർ ഫണ്ട് ഉപയോഗപ്പെടുത്തുക തുടങ്ങിയ നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യപ്പെടേണ്ടതാണെന്ന് ഗ്ലോബൽ ട്രാൻസ്ഫർ പ്രൈസിംഗ് സർവീസസിൻറെ പാർട്ണറായ പ്രദീപ് എ അഭിപ്രായപ്പെട്ടു. കോർപറേറ്റ് നികുതി കുറയ്ക്കാൻ തീരുമാനിച്ചത് രാജ്യത്ത് നിക്ഷേപം നടത്തുന്നതിന് കമ്പനികൾക്ക് ആത്മവിശ്വാസം പകരും. ബജറ്റിലെ നിർദ്ദേശങ്ങൾ ശരിയായി ഉപയോഗിച്ചാൽ വിദ്യാർത്ഥികൾ, തൊഴിലന്വേഷകർ എന്നിവർക്ക് ഏറെ ഗുണമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

പാരമ്പര്യ സ്വത്തിൻറെ നികുതിയിൽ കുറവു വരുത്തിയത് രാജ്യത്തെ പൗരന്മാർക്ക് ഗുണകരമാണെന്ന് ബിഎസ്ആർ ആൻഡ് കോ. എ എ പിയെന്ന സ്ഥാപനത്തിൽ നിന്നുള്ള ആനന്ദ് ഭണ്ഡാരി പറഞ്ഞു. എന്നാൽ വിദേശപൗരന്മാരുടെ സ്ഥാവര സ്വത്തിലുള്ള നികുതിയിൽ കുറവ് വരുത്താത്തത് വിദേശപണം രാജ്യത്തെ വിപണിയിലേക്ക് വരുന്നതിന് കുറവു വരുത്തുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ജിഎസ്ടി നിയമത്തിൽ ഏർപ്പെടുത്തിയ ഭേദഗതികൾ നികുതിദായകർക്ക് ഏറെ സഹായകരമാണെന്ന് ബിഎസ്ആർ ആൻഡ് കോ. എ എ പിയെന്ന സ്ഥാപനത്തിൽ നിന്നുള്ള സവിത് വി ഗോപാ പറഞ്ഞു. ജിഎസ്ടി മുൻകൂറായി അടയ്ക്കാത്തവർക്കോ, അല്ലെങ്കിൽ കുറച്ചു മാത്രം അടച്ചവർക്കോ ഇനി മുതൽ നിയമനടപടിയോ പലിശ ഈടാക്കാനുള്ള നടപടികള നേരിടേണ്ടി വരികയില്ല. 2021 നവംബർ 30 ന് മുമ്പ് ജിഎസ്ടി ക്രെഡിറ്റ് സ്വീകരിച്ചവർക്കും ഈ ആനുകൂല്യം ലഭ്യമാണ്.

പണം തിരിച്ചടയ്ക്കേണ്ടി വന്നാ സ്വന്തം ഇൻവോയിസ് തയ്യാറാക്കി ക്രെഡിറ്റ് നേടാനും അവസരമൊരുക്കിയിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ജിഎസ്ടി നികുതി ഘടനയെ കൂടുതൽ യുക്തിസഹമാക്കാനുള്ള നിർദ്ദേശങ്ങളും നൽ കിയിട്ടുണ്ട്.

കേന്ദ്രബജറ്റിനെക്കുറിച്ചുള്ള ആധികാരികവും സമഗ്രവുമായ വിശകലനത്തിനായാണ് ഇൻഫോപാർക്ക് ഓൺലൈൻ ചർച്ച സംഘടിപ്പിച്ചത്. രാജ്യത്തിൻറെ പുരോഗതിയ്ക്കും വ്യവസായത്തിനും ഐടി മേഖലയ്ക്കും അനുയോജ്യമായ നയങ്ങളും പരിപാടികളും ഇതിലൂടെ വിശകലനം ചെയ്യുകയായിരുന്നു ഉദ്ദേശ്യം.

# തൊഴിലധിഷ്ഠിത ഐടി കോഴ്സ് ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം

**കൊച്ചി:** കേരള സർക്കാരിന്റെ ഇലക്ട്രോണിക്സ് ആന്റ് ഐടി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സിഡിറ്റിന്റെ അംഗീകൃത പഠനകേന്ദ്രങ്ങളിലൂടെ നടത്തിവരുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ, ഡിപ്ലോമ, സർട്ടിഫിക്കറ്റ് തലങ്ങളിലുള്ള തൊഴിലധിഷ്ഠിത ഐടി കോഴ്സുകളിൽ എറണാകുളം ജില്ലയിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് ജൂലൈ 31നകം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള പഠനകേന്ദ്രങ്ങളിൽ ബന്ധപ്പെടേണ്ടതാണ്. കൊച്ചി (9447042425), ആലുവ (9446035505), പെരുമ്പാവൂർ (9995022092, 9072724666), മൂവാറ്റുപുഴ (9496824450, 9447047411), നോർത്ത് പറവൂർ(9961948560), തൃപ്പൂണിത്തുറ (8281110420, 9446441721), കാലടി (7012974261, 7085668066), കൂത്താട്ടുകുളം (9447433071, 9544739287), കുമ്പളങ്ങി (9947028045, 9778136697), കുറുമശ്ശേരി (9847542225, 9605263535), കോലഞ്ചേരി (9446141607). സിഡിറ്റ് കോഴ്സുകൾ, കേരള പബ്ലിക് സർവീസ് കമ്മീഷന്റെയും സംസ്ഥാന സഹകരണ പരീക്ഷാബോർഡിന്റെയും വിവിധ തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിന് അനുയോജ്യവും, കേന്ദ്രസർക്കാരിന്റെ എച്ച്.ആർ.ഡി./ നോർക്ക അറ്റസ്റ്റേഷൻ ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്കായി www.ted.cdit.org സന്ദർശിക്കുക.

# പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും 10 ഒൺലൈൻ കോഴ്സുകളുമായി കുസാറ്റ്: ആഗസ്റ്റ് 15 വരെ അപേക്ഷിക്കാം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇ കണ്ടെന്റിന്റെ നേതൃത്തിൽ സർവകലാശാലയുടെ വിവിധ വകുപ്പുകളിലെ അദ്ധ്യാപകർ തയ്യാറാക്കിയ 10 വിവിധ ഹ്രസ്വകാല,ഓൺലൈൻ കോഴ്സുകളിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. ഈ കോഴ്സുകളിലേക്കു പ്രായഭേദമന്യേ കുസാറ്റിന് അകത്തും പുറത്തും നിന്നുമുള്ള വിദ്യാർത്ഥികൾക്ക് www.cdec.cusat.ac.in എന്ന വെബ് സൈറ്റിലൂടെ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

ക്രിമിനോളജി, ഫിഷറീസിൻറെ സാമ്പത്തികശാസ്ത്രം, ഉപഭോക്തൃസംരക്ഷണ നിയമങ്ങൾ, കോർപ്പറേറ്റ് നിയമങ്ങൾ, മോളിക്യുലാർ മോഡലിങ്ങ്, ഇന്നൊവേഷൻ തുടങ്ങിയ വിവിധ വിഷയങ്ങളിലാണ് കോഴ്സുകൾ രൂപകൽപന ചെയ്തിട്ടുള്ളത്. കുസാറ്റിലെ മറൈൻ,കെമിസ്ട്രി,മാനേജ്മന്റ് ,നിയമം,പരിസ്ഥിതി വിഭാഗങ്ങളിലെ പ്രഗൽഭരായ അദ്ധ്യാപകരാണ് ഒരോ കോഴ്സുകളും തയ്യാറാക്കിയിരിക്കുന്നത്. നിലവിൽ തയ്യാറായിരിക്കുന്ന നാലു മാസം ദൈർഘ്യമുള്ള 10 കോഴ്സ്കളിലേക്ക്, പരിമിതമായ സീറ്റുകൾ മാത്രമാണ് ഓരോ കോഴ്സുകളിലേക്കും അനുവദിച്ചിരിക്കുന്നത്.

പ്രസ്തുത കോഴ്സുകളിലേക്കു പ്രവേശനം ലഭിക്കുന്ന കുസാറ്റിന് പുറത്തുനിന്നുള്ളവർക്ക് 3540 രൂപയും കുസാറ്റ് അംഗീകൃത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് 2000 രൂപയുമായിരിക്കും ഫീസ്. കുസാറ്റിലെ വിദ്യാർത്ഥികൾക്ക് കരിക്കുലത്തിൻറെ ഭാഗമല്ലാത്ത കോഴ്സുകളിലേക്കു 1000 രൂപയും കരിക്കുലത്തിന്റെ ഭാഗമായതിനു സൗജന്യമായും അപേക്ഷിക്കാവുന്നതാണ്.2 മുതൽ 4 വരെയുള്ള കോഴ്സ് ക്രെഡിറ്റുകളും കുസാറ്റ് സർട്ടിഫിക്കറ്റും കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ലഭിക്കും.കോഴ്സുകൾക്ക് അപേക്ഷിക്കാനുള്ള അവസാന തിയതി ഓഗസ്റ്റ് 15.വിശദ വിവരങ്ങൾക്ക് ഇുലഇ ഇഡടഅഠ ന്റെ വെബ്സൈറ്റ് സന്ദർശിക്കുകയോ 9400039634 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

കുസാറ്റിൽ 2021 മുതൽ പ്രവർത്തനമാരംഭിച്ച ഈ സെന്ററിൽ 21 കോഴ്സുകൾ ഇതുവരെ വിജയകരമായി റെക്കോർഡിങ് പൂർത്തിയാക്കി. സിഡെക് സ്റ്റുഡിയോ വഴി ആനുകാലിക പ്രസക്തി ഉള്ള ഒട്ടനവധി പുതിയ കോഴ്സുകൾ റെക്കോർഡ് ചെയ്യാൻ കുസാറ്റിന് പദ്ധതിയുണ്ട്.മാറുന്ന വിദ്യാഭ്യാസ രീതികളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിലേക്കും നിർമിതബുദ്ധി വിദ്യാഭ്യാസത്തിലേക്കുള്ള ചുവടുവെപ്പാണ് സിഡെക്കിന്റെ വരാനിരിക്കുന്ന കോഴ്സുകൾ എന്ന് ഡയറക്ടർ പ്രൊഫ.ഡോ. മധു എസ് നായർ അഭിപ്രായപ്പെട്ടു



സൊസൈറ്റി ടുഡേ
SOCIETY TODAY

# പ്രഥമ കേരള സ്കൂൾ ഒളിമ്പിക്സ് നവംബറിൽ കൊച്ചിയിൽ

**കൊച്ചി:** രാജ്യത്ത് ആദ്യമായി കൊച്ചിയിൽ സംഘടിപ്പിക്കുന്ന സ്കൂൾ ഒളിമ്പിക്സ് ചരിത്രസംഭവമാകുമെന്നും ഉദ്ഘാടന ചടങ്ങിൽ ഒരു ലക്ഷം പേരെ പങ്കെടുപ്പിക്കുമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു. നവംബറിൽ എറണാകുളത്ത് നടക്കുന്ന പ്രഥമ കേരള സ്കൂൾ ഒളിമ്പിക്സിനോട് അനുബന്ധിച്ചു ചേർന്ന സ്വാഗതസംഘം രൂപീകരണയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ശിവൻകുട്ടി.

കലൂർ നെഹ്റു രാജ്യാന്തര സ്റ്റേഡിയത്തിലാണ് ഉദ്ഘാടന ചടങ്ങ് സംഘടിപ്പിക്കുന്നത്. ഒളിമ്പിക്സിനെ അനുസ്മരിപ്പിക്കുന്ന വിപുലമായ സമാപന സമ്മേളനം സംഘടിപ്പിക്കും. ഒന്നാം സമ്മാനം നേടുന്ന ജില്ലയ്ക്ക് മുഖ്യമന്ത്രിയുടെ പേരിൽ സ്വർണ കപ്പ് സമ്മാനമായി നൽകുമെന്നും മന്ത്രി പറഞ്ഞു.

ചരിത്ര സംഭവമാകുന്ന സ്കൂൾ ഒളിമ്പിക്സ് വൻ വിജയമാക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഉണ്ടാകണമെന്ന് മന്ത്രി അഭ്യർഥിച്ചു.

ഒളിമ്പിക്സിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിനോടൊപ്പം വിവിധ കായിക മേളകളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കേണ്ടതിന്റെ ഭാഗമായാണ് ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികോത്സവം ഒളിമ്പിക്സ് മാതൃകയിൽ കേരള സ്കൂൾ ഒളിമ്പിക്സ് ആയി നടത്തുന്നത്. ഒളിമ്പിക്സ് മാതൃകയിൽ കേരള സ്കൂൾ ഒളിമ്പിക്സ് കൊച്ചി '24 എന്ന പേരിൽ നവംബർ 4 മുതൽ 11 വരെയാണ് പ്രഥമ സ്കൂൾ ഒളിമ്പിക്സ് സംഘടിപ്പിക്കുന്നത്. 24000 കായിക പ്രതിഭകൾ അണ്ടർ 14, 17, 19 എന്നീ കാറ്റഗറിയിൽ 41 കായിക ഇനങ്ങളിൽ മത്സരിക്കും. പതിനായിരത്തോളം മത്സരങ്ങളാണ് നടക്കുന്നത്. ഇത് ലോകത്തിലെ ഏറ്റവും വലിയ മേള ആയിരിക്കും. ഇത് ലോകത്തിലെ ഏറ്റവും വലിയ മേള ആയിരിക്കും. എട്ടു ദിവസം പകലും രാത്രിയുമായി നടക്കുന്ന കായിക മാമാങ്കം ലോകത്തിലെതന്നെ ഏറ്റവും വലിയ മേളയായിരിക്കും.

സംസ്ഥാന സ്കൂൾ ഒളിമ്പിക്സ് ഓരോ നാല് വർഷം കൂടുമ്പോഴും ഒളിമ്പിക്സ് മാതൃകയിൽ നടത്തും.

സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികൾക്കുവേണ്ടി കായികോത്സവത്തിന്റെ ഭാഗമായി രാജ്യത്താദ്യമായി ഇൻക്ലൂസീവ് സ്പോർട്സ് ഈ വർഷം ആരംഭിക്കും.എറണാകുളം ജില്ലയിൽ 16 സ്ഥലങ്ങളിലെ വിവിധ വേദികളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. കുട്ടികൾക്ക് താമസിക്കുന്നതിനായി അൻപതോളം സ്കൂളുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. മേളയുടെ വിജയകരമായ നടത്തിപ്പിനായി രണ്ടായിരത്തോളം ഒഫീഷ്യലുകൾ, 500 സെലക്ടർമാർ, രണ്ടായിരത്തോളം വോളണ്ടിയർമാർ അണിനിരക്കുന്ന കേരള സ്കൂൾ ഒളിമ്പിക്സ് സംസ്ഥാനത്തിന്റെ കായിക ചരിത്രത്തിൽ ഒരു നാഴികക്കല്ലായി മാറുമെന്നും മന്ത്രി പറഞ്ഞു.

വർണാഭമായ വിളംബരഘോഷയാത്ര, കായിക പ്രതിഭകൾ സംഗമിക്കുന്ന മാർച്ച് പാസ്റ്റ്, രാജ്യാന്തര കായിക താരങ്ങളും കായിക പ്രതിഭകളും സംഗമിക്കുന്ന ദീപശിഖാ പ്രയാണം എന്നിവ സംഘടിപ്പിക്കും. കുട്ടികൾക്ക് മികച്ച ഭക്ഷണമാണ് മേളയുടെ ഭാഗമായി ഒരുക്കുന്നത്, ഒരേ സമയം അയ്യായിരം പേരെ ഉൾക്കൊള്ളുന്ന ഭക്ഷണപന്തൽ സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ലോകോത്തര കായിക മേളകൾക്ക് സമാനമായി കേരള സ്കൂൾ ഒളിമ്പിക്സിന് സ്ഥിരമായ ഒരു ലോഗോ രൂപകൽപ്പന ചെയ്യും. അതോടൊപ്പം ഈ വർഷത്തെ സ്കൂൾ ഒളിമ്പിക്സിനായി ആപ്ത വാക്യം, തീം സോങ്, പ്രോമോ വീഡിയോ, ബ്രാൻഡ് അംബാസിഡർമാർ, ഗുഡ് വിൽ അംബാസിഡർ എന്നിവ ഉണ്ടാകും.

വിജയികൾക്ക് ഒളിമ്പിക്സ് മാതൃകയിലുള്ള മെഡലുകൾ, ക്യാഷ് പ്രൈസ്, സർട്ടിഫിക്കറ്റ് എന്നിവ സമ്മാനിക്കും.മേളയുടെ ഭാഗമായി സാംസ്കാരിക പരിപാടികൾ, കലാസന്ധ്യകൾ, സ്പോർട്സ് സെമിനാറുകൾ, സ്പോർട്സ് സ്റ്റാളുകൾ, കായിക ഉത്പന്നങ്ങളുടെ വിതരണം, പ്രദർശനം തുടങ്ങിയ വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കും.മേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് മികച്ച അനുഭവം സാധ്യമാക്കുന്നതിന് കൊച്ചി നഗരത്തിലെ സാംസ്കാരിക നിലയങ്ങൾ, പൈതൃകങ്ങൾ, മെട്രോ, വാട്ടർ മെട്രോ, ഫോർട്ട് കൊച്ചിയിൽ സായാഹ്ന സഞ്ചാരം, സ്ട്രീറ്റ് ഫുഡ് തുടങ്ങിയ വൈവിധ്യങ്ങൾ ഒരുക്കും.

കടവന്ത്ര റിജിയണൽ സ്പോർട്സ് സെന്റർ നടന്ന സ്വാഗത സംഘം രൂപീകരണ യോഗത്തിൽ പാരിസ് ഒളിമ്പിക്സിനോട് അനുബന്ധിച്ച് ഒളിമ്പിക്സ് പ്രഖ്യാപന ദീപം തെളിയിച്ചാണ് മന്ത്രി ഉദ്ഘാടനം നിർവഹിച്ചത്. മേയർ എം അനിൽകുമാർ അധ്യക്ഷത വഹിച്ചു.

എംഎൽഎമാരായ ടി.ജെ വിനോദ് , കെ. എൻ ഉണ്ണികൃഷ്ണൻ, കെ.ജെ മാക്സി, പി.വി ശ്രീനിജിൻ, ഉമ തോമസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, ഒളിമ്പ്യൻ മേഴ്സി കുട്ടൻ, അർജുന അവാർഡ് ജേതാവായ വോളിബോൾ താരം ടോം ജോസ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്. ഷാനവാസ്, സബ് കളക്ടർ കെ.മീര, കൈറ്റ് സി.ഇ.ഒ അൻവർ സാദത്ത്, വിവിധ സംഘടനാ പ്രതിനിധികൾ, സ്കൂൾ അധികൃതർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.




# സന്നദ്ധ സംഘടനകൾക്ക് 500 കോടിയുടെ സി എസ് ആർ ഫണ്ട് ലഭ്യമാക്കാൻ ശ്രമിക്കും: സോഷ്യൽ ഇന്നൊവേഷൻ ഉച്ചകോടി

**കൊച്ചി:** കേരളത്തിലെ സന്നദ്ധ സംഘടനകൾക്ക് അടുത്ത മൂന്ന് വർഷത്തിൽ 500 കോടിയുടെ സാമൂഹിക ഉത്തരവാദിത്ത ഫണ്ട് (സി എസ് ആർ) ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുമെന്ന് നാഷണൽ എൻ ജി ഓ കോൺഫെഡറേഷന്റെ പ്രഥമ സോഷ്യൽ ഇന്നൊവേഷൻ ഉച്ചകോടി അഭിപ്രായപ്പെട്ടു. 202122 സാമ്പത്തിക വർഷം കേരളത്തിൽ ലഭ്യമായ സി എസ് ആർ ഫണ്ട് 240 കോടി രൂപയാണ്. എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ സി എസ് ആർ ഫണ്ട് ലഭ്യമായിട്ടുള്ളത്. കേരളത്തിലെ സന്നദ്ധ സംഘടനകൾ ഈ വിഷയത്തിൽ കൂടുതലായി അവഗാഹം നേടുകയും കേരളത്തിന്റെ സാമൂഹിക ആവശ്യങ്ങൾക്ക് അനുസൃതമായി പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് സഹായിക്കുന്ന സഹയോഗ് ആപ്പിൻറെ പ്രകാശനവും സമാപന സമ്മേളനവും ഹൈബി ഈഡൻ എം പി നിർവഹിച്ചു.

ബി ജെ പി സംസ്ഥാന വൈസ് പ്രസിഡൻറ് എ എൻ രാധാകൃഷ്ണൻ, മുതിർന്ന കോൺഗ്രസ് നേതാവ് അഡ്വ. ലാലി വിൻസെൻറ് നാഷണൽ എൻജിഒ കോൺഫെഡറേഷൻ കോഓഡിനേറ്റർ അനന്തു കൃഷ്ണൻ, പ്രൊഫസർ ശിവൻ അമ്പാട്ട് (എൻറർപ്രണർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട്, അഹമ്മദാബാദ്), നാരി ശക്തി എൻ ജി ഓ സ്ഥാപക പദ്മശ്രീ സുധ വർഗീസ്,സിഎസ്ആർ ഉപദേഷ്ടാവായ നിഖിൽ പത്ത്, നാഷണൽ എൻജിഒ കോൺഫെഡറേഷൻ ഡയറക്ടർ ബോർഡ് മെമ്പർമാരായ ബേബി കിഴക്കേഭാഗം, ഷീബ സുരേഷ്, ഹൈഫിക്ക് കൺസെൽട്ടൻസി ജനറൽ മാനേജർ മുകുന്ദൻ കെ മഠം എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.സമൂഹത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വേണ്ടി നവീനമായ ആശയങ്ങൾ വിഭാവനം ചെയ്തു നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകളെ സംയോജിപ്പിച്ചു കൊണ്ട് അവർക്ക് വേണ്ടുന്ന ബോധവല്ക്കരണവും പരിശീലനവും നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഉച്ചകോടി സംഘടിപ്പിച്ചത്. ഇതാദ്യമായാണ് സംസ്ഥാനത്ത് ഇത്തരത്തിൽ സന്നദ്ധ സംഘടനകൾക്ക് മാത്രമായി ഒരു ഉച്ചകോടി സംഘടിപ്പിക്കുന്നത്.

ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുമായി 2000 ത്തോളം സന്നദ്ധപ്രവർത്തകരും സംഘടനകളും രണ്ടു ദിവസത്തെ ഉച്ചകോടിയിൽ പങ്കെടുത്തു.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സമഗ്ര ശിക്ഷാ കേരളയുടെ എറണാകുളം ജില്ലാ പ്രോജക്ട് ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ നിലവിൽ ഒഴിവുള്ള ട്രെയിനർ തസ്തികകളിലേക്ക് സർക്കാർ / എയ്ഡഡ് സ്കൂൾ അധ്യാപകരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചു. ഹയർ എച്ച് എസ് എസ് ടി / വി എച്ച് എസ് എസ് ടി/എച്ച് എസ് എസ് ടി (ജൂനിയർ)//എച്ച് എസ് ടി/പ്രൈമറി ഹെഡ് മാസ്റ്റർ/എൽ പിഎസ് ടി/യുപിഎസ് ടി തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം.

താത്പര്യമുള്ളവർ കെ.എസ്.ആർ പാർട്ട് 1 ലെ ചട്ടം 144 പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ബന്ധപ്പെട്ട നിയമന അധികാരിയുടെ നിരാക്ഷേപ പത്രം ഉൾപ്പെടെ ഓഗസ്റ്റ് ആറിന് വൈകിട്ട് നാലിനകം എറണാകുളം എസ്.ആർ.വി. എൽ.പി സ്കൂൾ കോമ്പൗണ്ടിലുള്ള എസ്.എസ്.കെ ജില്ലാ പ്രോജക്ട് ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കണം. അപേക്ഷ ഫോം മാതൃക സമഗ്രശിക്ഷയുടെ വെബ്സൈറ്റിലും എസ്.എസ്.കെ ജില്ലാ കാര്യാലയത്തിലും ലഭ്യമാണ്. വിലാസം ജില്ലാ പ്രോജക്ട് കോർഡിനേറ്റർ സർവ്വ ശിക്ഷാ അഭിയാൻ, എറണാകുളം എസ്.ആർ.വി ഡി എൽ.പി സ്കൂൾ ക്യാമ്പസ് ചിറ്റൂർ റോഡ്, എറണാകുളം 682011, ഫോൺ: 04842962041.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** കൺസ്യൂമർഫെഡിന്റെ വിവിധ യൂണിറ്റുകൾ വഴി വിൽപ്പന നടത്തുന്നതിനാവശ്യമായ കോപ്പിയർ പേപ്പറുകൾ, സ്കൂൾ, ഓഫീസ് സ്റ്റേഷനറി, സ്പോർട്സ്, പ്ലാസ്റ്റിക്, ഹൗസ് ഹോൾഡ് ഉൽപ്പന്നങ്ങൾ മറ്റ് കണ്ടീജന്റ് ഇനങ്ങൾ എന്നിവ വാങ്ങുന്നതിന് ഓഗസ്റ്റ് എട്ടിന് രാവിലെ 10.30 ന് കൺസ്യൂമർഫെഡ് ഹെഡ് ഓഫീസിൽ പർച്ചേയ്സ് കമ്മിറ്റി നെഗോസിയേഷൻ നടത്തുന്നതായിരിക്കും. താത്പര്യമുള്ള വിതരണക്കാർ സാമ്പിളും, ക്വട്ടേഷനും സഹിതം കമ്മിറ്റിയിൽ പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾക്ക് www.consumerfed.net. വെബ്സൈറ്റിലും 0484 2203507, 9846292724, 9847847322 നമ്പറുകളിലും terivenicfed@gmail.com ഇമെയിൽ മുഖേനയും, ഹെഡോഫീസിൽ നേരിട്ടും ബന്ധപ്പെടാം.

## അതിഥി അധ്യാപക ഒഴിവ്

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിലെ ഇസ്ലാമിക ചരിത്ര വിഭാഗത്തിൽ അതിഥി അധ്യാപക ഒഴിവുണ്ട്. യോഗ്യത: ഇസ്ലാമിക ചരിത്ര വിഷയത്തിൽ ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി/നെറ്റ് ഉള്ളവർക്ക് മുൻഗണന. പ്രവൃത്തി പരിചയം അഭിലഷണീയം. നിശ്ചിത യോഗ്യതയുള്ളതും എറണാകുളം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവിയുടെ കാര്യാലയത്തിലെ ഗസ്റ്റ് ലക്ചറർ പാനലിൽ രജിസ്റ്റർ ചെയ്തവരുമായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ഓഗസ്റ്റ് രണ്ടിനു രാവിലെ 10 ന് നേരിട്ട് പ്രിൻസിപ്പൽ ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് www.maharajas.ac.in. സന്ദർശിക്കുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഹെപ്പറ്റൈറ്റിസ് എയെക്കുറിച്ച് അറിയേണ്ടതെല്ലാം: കാരണങ്ങൾ, ലക്ഷണങ്ങൾ, പ്രതിരോധം



ഡോ. ചാൾസ് പനക്കൽ,
സീനിയർ കൺസൾട്ടന്റ്,
ഹെപ്പറ്റോളജി, ആസ്റ്റർ
മെഡ്സിറ്റി, കൊച്ചി.




**എ മുതൽ ഇ വരെ അഞ്ച് തരം ഹെപ്പറ്റൈറ്റിസ് വൈറസുകളാണുള്ളത്. ഇതിൽ ഹെപ്പറ്റൈറ്റിസ് എയും ഇയും മലിനമായ ഭക്ഷണം, വെള്ളം എന്നിവയിൽ നിന്നും മനുഷ്യവിസർജ്യത്തിൽ നിന്നുമാണ് പകരുന്നത്. ഹെപ്പറ്റൈറ്റിസ് ബി, സി എന്നിവ പോലെ ഹെപ്പറ്റൈറ്റിസ് എ കടുത്ത രോഗാവസ്ഥ ഉണ്ടാക്കാറില്ല. വളരെ പെട്ടെന്ന് രോഗം പിടിപെടാനുള്ള സാധ്യതയുണ്ടെങ്കിലും എളുപ്പത്തിൽ അതിനെ പ്രതിരോധിക്കാനും കഴിയും എന്നതാണ് ആശ്വാസം. മിക്കരോഗികളും 6 മുതൽ 8 ആഴ്ചകൾക്കുള്ളിൽ രോഗത്തെ അതിജീവിക്കാറുണ്ട്.**

ദൂരെയാത്രകൾ കഴിഞ്ഞ് മടങ്ങിവന്ന ശേഷം എപ്പോഴെങ്കിലും അസുഖങ്ങൾ പിടിപെട്ടിട്ടുണ്ടോ? ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയും അതിവേഗം പടരുന്ന ഹെപ്പറ്റൈറ്റിസ് എ എന്ന വൈറസ് ആയിരിക്കാം അതിനുകാരണം. കരളിൽ നീർക്കെട്ടുണ്ടാക്കുന്ന ഈ രോഗം ചിലരിൽ കടുത്ത വെല്ലുവിളിയാകാറുണ്ട്.

> ഹെപ്പറ്റൈറ്റിസ് എയുടെ ലക്ഷണങ്ങൾ തീവ്രത കുറഞ്ഞതുമാകാം കൂടിയതുമാകാം. രോഗിയുടെ പ്രായവും മൊത്തത്തിലുള്ള ആരോഗ്യവും അനുസരിച്ചായിരിക്കും രോഗത്തിന്റെ തീവ്രത. ചിലരിൽ, പ്രത്യേകിച്ച് കുട്ടികളിൽ, ലക്ഷണങ്ങളൊന്നും ഉണ്ടാകാറുമില്ല. സാധാരണഗതിയിൽ വൈറസ് ശരീരത്തിൽ എത്തിക്കഴിഞ്ഞ് 2 മുതൽ 6 ആഴ്ച വരെ കഴിയുമ്പോഴാണ് ലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നത്.

എ മുതൽ ഇ വരെ അഞ്ച് തരം ഹെപ്പറ്റൈറ്റിസ് വൈറസുകളാണുള്ളത്. ഇതിൽ ഹെപ്പറ്റൈറ്റിസ് എയും ഇയും മലിനമായ ഭക്ഷണം, വെള്ളം എന്നിവയിൽ നിന്നും മനുഷ്യവിസർജ്യത്തിൽ നിന്നുമാണ് പകരുന്നത്. ഹെപ്പറ്റൈറ്റിസ് ബി, സി എന്നിവ പോലെ ഹെപ്പറ്റൈറ്റിസ് എ കടുത്ത രോഗാവസ്ഥ ഉണ്ടാക്കാറില്ല. വളരെ പെട്ടെന്ന് രോഗം പിടിപെടാനുള്ള സാധ്യതയുണ്ടെങ്കിലും എളുപ്പത്തിൽ അതിനെ പ്രതിരോധിക്കാനും കഴിയും എന്നതാണ് ആശ്വാസം. മിക്ക രോഗികളും 6 മുതൽ 8 ആഴ്ചകൾക്കുള്ളിൽ രോഗത്തെ അതിജീവിക്കാറുണ്ട്. രോഗം ഭേദമായിക്കഴിഞ്ഞാൽ ജീവിതകാലം മുഴുവൻ ഹെപ്പറ്റൈറ്റിസ് എയ്ക്കെതിരെ നമ്മുടെ ശരീരത്തിൽ പ്രതിരോധശക്തി ഉണ്ടാവുകയും ചെയ്യും.

### ഹെപ്പറ്റൈറ്റിസ് എയുടെ കാരണങ്ങൾ

മനുഷ്യവിസർജ്യം കലർന്ന വെള്ളത്തിലോ ശരിയായി ശുചിയാക്കാതെ ദീർഘകാലം കെട്ടിക്കിടക്കുന്ന വെള്ളത്തിലോ ഹെപ്പറ്റൈറ്റിസ് എ വൈറസ് ഉണ്ടാകാം. ഈ വെള്ളം കുടിക്കാനിടയായാൽ രോഗിയിലേക്ക് വൈറസ് നേരിട്ട് പ്രവേശിക്കും. വൃത്തിയില്ലാത്ത വെള്ളംകൊണ്ട് കഴുകുന്ന പഴങ്ങൾ, പച്ചക്കറികൾ, പുറംതോടുള്ള കടൽ/കായൽ വിഭവങ്ങൾ എന്നിവ കഴിച്ചാലും രോഗം പിടിപെടാം. രോഗബാധയുള്ള ഒരു വ്യക്തിയുമായി നേരിട്ട് ഇടപഴകിയാലും രോഗം പകരും. കൈകൾ ശരിയായി വൃത്തിയാക്കാത്തവർക്കും രോഗസാധ്യതയുണ്ട്.

### ലക്ഷണങ്ങൾ


ഹെപ്പറ്റൈറ്റിസ് എയുടെ ലക്ഷണങ്ങൾ തീവ്രത കുറഞ്ഞതുമാകാം കൂടിയതുമാകാം. രോഗിയുടെ പ്രായവും മൊത്തത്തിലുള്ള ആരോഗ്യവും അനുസരിച്ചായിരിക്കും രോഗത്തിന്റെ തീവ്രത. ചിലരിൽ, പ്രത്യേകിച്ച് കുട്ടികളിൽ, ലക്ഷണങ്ങളൊന്നും ഉണ്ടാകാറുമില്ല. സാധാരണഗതിയിൽ വൈറസ് ശരീരത്തിൽ എത്തിക്കഴിഞ്ഞ് 2 മുതൽ 6 ആഴ്ച വരെ കഴിയുമ്പോഴാണ് ലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നത്. വൈറസിന്റെ ഇൻക്യൂബേഷൻ പിരിയഡാണ് ഈ സമയം. ഈ കാലയളവിൽ ശരീരത്തിലുടനീളം ഈ വൈറസ് പെരുകാൻ തുടങ്ങും. മിക്കവാറും രോഗികൾക്ക് 2 മാസത്തിനുള്ളിൽ രോഗം ഭേദമാകാറുണ്ട്. എന്നാൽ ചിലർക്ക് 6 മാസം വരെ വേണ്ടിവരാം. രോഗം മാറിയ ശേഷം വീണ്ടും പ്രത്യക്ഷപ്പെടുന്ന അവസ്ഥയും കണ്ടുവരാറുണ്ട്.

പനി, വയറിളക്കം, കടുംനിറത്തിലുള്ള മലവും മൂത്രവും, വിശപ്പില്ലായ്മ, മഞ്ഞപ്പിത്തം, ചൊറിച്ചിൽ എന്നിവയാണ് സാധാരണ കണ്ടുവരുന്ന ഹെപ്പറ്റൈറ്റിസ് എ ലക്ഷണങ്ങൾ. എല്ലാവർക്കും ലക്ഷണങ്ങൾ ഉണ്ടാകണമെന്നില്ല. എന്നാൽ രോഗം പിടിപെടുന്ന നൂറിൽ ഒരാൾക്ക് രോഗം മൂർച്ഛിക്കാനും കരൾ തകരാറിലാവാനും സാധ്യതയുണ്ട്. കരൾ മാറ്റിവെച്ചില്ലെങ്കിൽ മരണംവരെ സംഭവിക്കാം.

### ഇന്നും മരുന്ന് കണ്ടെത്തിയിട്ടില്ലാത്ത രോഗാവസ്ഥ

ഹെപ്പറ്റൈറ്റിസ് എയ്ക്കെതിരെ മരുന്നുകളൊന്നും ലഭ്യമല്ല. രോഗിയുടെ ശരീരത്തിനാവശ്യമായ വിശ്രമവും മറ്റ് ലക്ഷണങ്ങൾ ലഘൂകരിക്കുന്നതിനുള്ള മരുന്നുമാണ് നൽകുന്നത്. നമ്മുടെ ശരീരത്തിന്റെ സ്വന്തം രോഗപ്രതിരോധസംവിധാനത്തിന് ആവശ്യത്തിന് സമയവും വിശ്രമവും കിട്ടിയാൽ ഈ വൈറസിനെ സ്വയം തുരത്താനുള്ള ശേഷിയുണ്ട്. ധാരാളം വെള്ളംകുടിക്കേണ്ടത് വളരെ പ്രധാനമാണ്. എളുപ്പത്തിൽ ദഹിക്കുന്ന, പോഷകസമ്പുഷ്ടമായ ഭക്ഷണം കഴിക്കണം. പഴങ്ങൾ, പച്ചക്കറികൾ, മുഴുധാന്യങ്ങൾ, കൊഴുപ്പ് കുറഞ്ഞ മാംസ്യം എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ ശരീരത്തിന് സ്വയം വീണ്ടെടുക്കാൻ കഴിയൂ.

ലക്ഷണങ്ങളെ ഓരോന്നായി കൃത്യമായി പരിഹരിച്ച് നിയന്ത്രിച്ച് നിർത്തേണ്ടതുണ്ട്. കരൾ പൂർണമായും ഭേദമാകുന്നത് വരെ സമ്പൂർണവിശ്രമം അനിവാര്യമാണ്. കടുത്ത തലകറക്കമോ, ഛർദിയോ, ഗുരുതരമായ കരൾവീക്കമോ ഉണ്ടെങ്കിൽ മാത്രം ആശുപത്രിയിൽ കഴിഞ്ഞാൽ മതിയാകും. കരൾരോഗ ചികിത്സയിൽ വിദഗ്ധനായ ഒരു ഡോക്ടറുടെ നിർദേശപ്രകാരമല്ലാതെ അലോപ്പതിയോ ആയുർവേദമോ ഹോമിയോയോ ആയ വേറെ യാതൊരു മരുന്നും കഴിക്കാൻ പാടില്ല. അവ കരളിനെ കൂടുതൽ അപകടത്തിലാക്കാൻ സാധ്യതയുണ്ട്. അനാവശ്യമായി പാരസെറ്റമോളും കഴിക്കരുത്.



### എങ്ങനെ പ്രതിരോധിക്കാം?

ഹെപ്പറ്റൈറ്റിസ് എയെക്കതിരായ ഏറ്റവും നല്ല പ്രതിരോധമാർഗം വാക്സിനേഷനാണ്. 12 വയസ് പിന്നിട്ട കുട്ടികൾക്ക് ഉറപ്പായും കൃത്യസമയത്ത് പ്രതിരോധമരുന്ന് നൽകണം. ദൂരെയാത്രകൾ പ്ലാൻ ചെയ്യുന്നുണ്ടെങ്കിൽ, ഡോക്ടറെ കണ്ട് വാക്സിൻ എടുക്കാം. കക്കൂസിൽ പോയ ശേഷവും ഭക്ഷണം കഴിക്കുന്നതിന് മുൻപും കൈകൾ നന്നായി സോപ്പ് ഉപയോഗിച്ച് കഴുകണം. ഭക്ഷണം വൃത്തിയായി കൈകാര്യം ചെയ്യുന്നിടത്ത് നിന്ന് മാത്രം കഴിക്കണം. പഴങ്ങളും പച്ചക്കറികളും കഴിക്കുന്നതിന് മുൻപ് നന്നായി കഴുകണം. യാത്ര ചെയ്യുമ്പോൾ പുറത്തുനിന്ന് കഴിക്കുന്ന ഭക്ഷണത്തിൽ പ്രത്യേക ശ്രദ്ധ വേണം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ജ്വല്ലറി ബിസിനസ് ആരംഭിച്ച് ആദിത്യ ബിർള ഗ്രൂപ്പ്

**കൊച്ചി:** ആദിത്യ ബിർള ഗ്രൂപ്പ് ജ്വല്ലറി റീട്ടെയിൽ ബിസിനസ് ആരംഭിക്കുന്നതായി ചെയർമാൻ കുമാർ മംഗലം ബിർല പ്രഖ്യാപിച്ചു.

ഇന്ദ്രിയ ബ്രാൻഡിലുള്ള പുതുതലമുറാ ബിസിനസിനായി 5000 കോടി രൂപ വകയിരുത്തി. അടുത്ത 5 വർഷത്തിനുള്ളിൽ ദേശീയ തലത്തിലെ മൂന്നു മുൻനിര സ്ഥാപനങ്ങളിലൊന്നായി മാറുകയാണ് ലക്ഷ്യമെന്ന് കുമാർ മംഗലം ബിർല പറഞ്ഞു. ആഗോള തലത്തിലെ ഏറ്റവും സാധ്യതകളുള്ള ഉപഭോക്തൃ വിഭാഗമായി ഇന്ത്യയിലെ ഉപഭോക്താക്കൾ വളരുകയാണ്. പെയിന്റ്, ജ്വല്ലറി എന്നീ മേഖലകളിലായി പുതിയ രണ്ടു ബ്രാൻഡുകൾ അവതരിപ്പിച്ചു കൊണ്ട് ഈ വർഷം തങ്ങൾ ഇന്ത്യൻ ഉപഭോക്താക്കളുടെ മുന്നേറ്റത്തിനു പിന്തുണ നൽകി. അനൗപചാരിക മേഖലകളിൽ നിന്ന് ഔപചാരിക മേഖലകളിലേക്കുള്ള മൂല്യത്തോടെയുള്ള മാറ്റത്തിനു പിന്തുണ നൽകുന്നതാണ് ജ്വല്ലറി ബിസിനസിലേക്കുള്ള കടന്നു വരവ്.

ശക്തവും വിശ്വസനീയവുമായ ബ്രാൻഡുകൾക്കായുള്ള ഉപഭോക്താക്കളുടെ താൽപര്യവും വർധിച്ചു വരികയാണ്. ഫാഷൻ റീട്ടെയിൽ, ലൈഫ് സ്റ്റൈൽ മേഖലകളിൽ 20 വർഷത്തിലേറെയായി മുന്നേറുന്ന ഗ്രൂപ്പിൻറെ സ്വാഭാവിക വികസനമാണ് ഇപ്പോഴത്തെ നീക്കം. റീട്ടെയിൽ, ഡിസൈൻ, ബ്രാൻഡ് മാനേജ്മെൻറ് എന്നിവയിലെ തങ്ങളുടെ മികച്ച അടിത്തറ വിജയത്തിന് സഹായകമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




ഡൽഹി, ഇൻഡോർ, ജെയ്പൂർ എന്നിവിടങ്ങളിലായി ഒരേ സമയം നാലു സ്റ്റോറുകളാവും ഇന്ദ്രിയ ആരംഭിക്കുക. അടുത്ത 6 മാസത്തിനുള്ളിൽ 10ലേറെ നഗരങ്ങളിലേക്കു പ്രവർത്തനം വ്യാപിപ്പിക്കും.

ദേശീയ ബ്രാൻഡുകളുടെ ശരാശരി വലുപ്പത്തേക്കാൾ 3035 ശതമാനം കൂടുതലായി 7000 ചതുരശ്ര അടിയിലേറെയുള്ള സ്റ്റോറുകളാവും വിപുലമായ സേവനങ്ങൾ ലഭ്യമാക്കുക. തുടക്കത്തിൽ 15000 ക്യൂറേറ്റഡ് ജ്വല്ലറികളാവും 5000ലേറെ എക്സ്ക്ലൂസീവ് ഡിസൈനുകളുമായി അവതരിപ്പിക്കുക.

ജ്വല്ലറി മേഖലയിലെ ക്രിയാത്മകത, വലുപ്പം, സാങ്കേതികവിദ്യ, ഉപഭോക്തൃ അനുഭവങ്ങൾ എന്നിവയിൽ പുതിയ മാനദണ്ഡങ്ങൾ കൊണ്ടുവരാനാണ് ഇന്ദ്രിയയിലൂടെ തങ്ങൾ ശ്രമിക്കുന്നതെന്ന് നോവൽ ജുവൽസ് ഡയറക്ടർ ദിലീപ് ഗൗർ പറഞ്ഞു. ഓരോ ആഭരണങ്ങളും പ്രത്യേകമായ ക്രിയാത്മകതയുടെ കഥകളാണു പറയുന്നത്. കാലാതീതമായ കരവിരുതും സമകാലീന ഡിസൈനുകളുടെ അവതരണവുമായിരിക്കും തങ്ങളുടെ ആഭരണങ്ങളിലുണ്ടാകുകയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## പ്രവേശന തീയതി നീട്ടി

**കൊച്ചി:** സ്കോൾകേരള മുഖേന നാഷണൽ ആയുഷ് മിഷന്റേയും, സംസ്ഥാന ആയുഷ് വകുപ്പിന്റേയും അംഗീകാരത്തോടെ നടത്തി വരുന്ന ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോട്സ് യോഗ കോഴ്സ് രണ്ടാം ബാച്ചിലേക്കുള്ള പ്രവേശന തീയതി പിഴയില്ലാതെ ജൂലൈ 31 വരെ ദീർഘിപ്പിച്ചു. രജിസ്ട്രേഷൻ നടപടികൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കുമായി www.scole-kerala.org വെബ്സൈറ്റ് സന്ദർശിക്കുക. വിശദവിവരങ്ങൾക്ക് ഫോൺ: 04842377537, 9447913820.

## അതിഥി അധ്യാപക നിയമനം

**കൊച്ചി:** തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജിൽ സംസ്കൃതം വേദാന്തം, വ്യാകരണം വിഭാഗങ്ങളിൽ നിലവിലുള്ള ഒഴിവിലേക്ക് അതിഥി അധ്യാപകരെ നിയമിക്കുന്നു. ഉദ്യോഗാർഥികൾ 55 ശതമാനം മാർക്കോടെ സംസ്കൃത വേദാന്തത്തിലും, വ്യാകരണത്തിലും ബിരുദാനന്തര ബിരുദം നേടിയവരും, യുജിസി യോഗ്യതയുള്ളവരും, എറണാകുളം മേഖല കോളേജ് വിദ്യാഭ്യാസ ഉപമേധാവിയുടെ അതിഥി അധ്യാപക ലിസ്റ്റിൽ ഉൾപ്പെട്ടവരോ, കോളേജിയേറ്റ് ഡയറക്ടറുടെ നിർദ്ദേശാനുസരണം ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവരോ ആയിരിക്കണം. താത്പര്യമുള്ള ഉദ്യോഗാർഥികൾ കോളേജ് വെബ്സൈറ്റിൽ govtsanskritcollegetpra.edu.in നൽകിയിട്ടുള്ള അപേക്ഷ ഫോം പൂരിപ്പിച്ചു സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ഓഗസ്റ്റ് എട്ടിനനകം അയച്ചു നൽകണം. ഫോൺ 9446078726.

## വാക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം ജില്ലയിലെ നാഷണൽ ആയുഷ് മിഷൻ ഹോമിയോപ്പതി വകുപ്പിലെ ഫാർമസിസ്റ്റ് തസ്തികയിലേക്ക് വാക് ഇൻഇന്റർവ്യൂ നടത്തുന്നു. യോഗ്യത സിസിപി/എൻസിപി അല്ലെങ്കിൽ തത്തുല്യം. ഓഗസ്റ്റ് എട്ടിന് രാവിലെ ഒമ്പതിന് ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ്/ആധാർ കാർഡ്, വിദ്യാഭ്യാസ യോഗ്യതയുടെ അസൽ സർട്ടിഫിക്കറ്റ്, ജനന തീയതി തെളിയിക്കുന്ന അസൽ രേഖ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ്, സഹിതം എറണാകുളം കച്ചേരിപ്പടി ജില്ലാ ആയുർവേദ ആശുപത്രിയിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജരുടെ ഓഫീസിൽ എത്തിച്ചേരണം.

# യൂത്ത് ഫെസ്റ്റ് 2024 എൻട്രികൾ ക്ഷണിച്ചു

**കൊച്ചി:** വിദ്യാർത്ഥികൾക്കിടയിൽ എച്ച്.ഐ. വി. / എയ്ഡ്സിനെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസും കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും, സംയുക്തമായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

ആഗസ്റ്റ് പന്ത്രണ്ടിന് ആചരിക്കുന്ന അന്താരാഷ്ട്ര യുവജന ദിനത്തിന് മുന്നോടിയായി കോളേജ് വിദ്യാർത്ഥികൾക്കായി (17 നും 25 നു മിടയിൽ പ്രായമുള്ളവർ) മാരത്തോൺ (റെഡ് റൺ 5 സാ), ഫ്ലാഷ് മോബ് എന്നീ ഇനങ്ങളിൽ മത്സരം നടത്തുന്നു.

ഓഗസ്റ്റ് 7 ന് രാവിലെ 8 സെന്റ് പോൾസ് കോളേജ്, കളമശ്ശേരിയിൽ നിന്ന് ആരംഭിക്കുന്ന മാരത്തോണിൽ (റെഡ് റൺ) ജില്ലയിലെ ഐ.ടി.ഐ., പോളിടെക്നിക്ക്, ആർട്ട്സ് &സയൻസ് പ്രൊഫഷണൽ കോളേജുകൾ തുടങ്ങി എല്ലാ കോളേജുകളിലേയും 17നും 25 വയസ്സിനും ഇടയിലുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ആൺകുട്ടികൾ പെൺകുട്ടികൾ, ട്രാൻസ്ജെൻഡേഴ്സ് എന്നീ മൂന്ന് വിഭാഗങ്ങളിലായാണ് മാരത്തോൺ സംഘടിപ്പിക്കുന്നത്. മാരത്തോണിന് മൂന്ന് വിഭാഗങ്ങളിലും ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 5000, 3000 , 2000 രൂപ ക്യാഷ് പ്രൈസായി നൽകും.

ഒന്നാം സ്ഥാനക്കാർ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ അർഹരായിരിക്കും.

സംസ്ഥാനതലത്തിൽ വിജയിക്കുന്നവർക്ക് ദേശീയതലത്തിൽ പങ്കെടുക്കാവുന്നതാണ്. സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനത്തിന് 10000, രണ്ടാം സ്ഥാനത്തിന് 8000 ,മൂന്നാം സ്ഥാനം 5000 എന്നിങ്ങനെയും ദേശീയതലത്തിൽ ഒന്നാം സ്ഥാനത്തിന് 50000, രണ്ടാം സ്ഥാനത്തിന് 35000 മൂന്നാം സ്ഥാനത്തിന് 25000 എന്നിങ്ങനെയുമാണ് ക്യാഷ് പ്രൈസ്.

ഓഗസ്റ്റ് 7ന് രാവിലെ 11ന് മ ഫ്ലാഷ് മോബ് മത്സരം.

ഒന്ന് മുതൽ അഞ്ച് വരെ സ്ഥാനം നേടുന്നവർക്ക് യഥാക്രമം5000,4500, 4000,3500,3000 എന്നിങ്ങനെ ക്യാഷ് പ്രൈസ് ലഭിക്കും. ഒരു ടീമിൽ 10 മുതൽ 15 പേർ വരെ പങ്കെടുക്കാം.

ഓഗസ്റ്റ് 8 രാവിലെ 10 മുതൽ 8,9,11 ക്ലാസ്സുകളിലെ വിദ്യാർഥികൾക്കായി ബോധവത്കരണ ക്വിസ്, മത്സരം സെന്റ് പോൾസ് കോളേജ് ആഡിറ്റോറിയത്തിൽ. ഒന്നു മുതൽ മൂന്നു വരെ സ്ഥാനം നേടുന്നവർക്ക് യഥാക്രമം 6000,5000,4000 രൂപ സമ്മാനമായി ലഭിക്കും.

ഓഗസ്റ്റ് 3 നകം 8330021521, 9526816588എന്ന ഫോൺ നമ്പറിൽ ഏതിലെങ്കിലും വിളിച്ച് രജിസ്റ്റർ ചെയ്യണം. ഫ്ളാഷ് മോബ് ടീം അംഗങ്ങളുടെ എണ്ണം കൂടി രേഖപ്പെടുത്തുക.

മത്സരാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനത്തിലെ ഐഡന്റിറ്റി കാർഡ് അല്ലെങ്കിൽ പ്രിൻസിപ്പൽ നൽകുന്ന സാക്ഷ്യപത്രം, വയസ്സ്, എന്നിവ തെളിയിക്കുന്ന രേഖകൾ എന്നിവ നിർബന്ധം. കൂടുതൽ വിവരങ്ങൾക്ക് 8330021521,9526816588 എന്നീ നമ്പറുകളിലേയ്ക്ക് ഏതിലെങ്കിലും വിളിക്കാം.

